# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3670 12.12.2014-ലെ മറുപടിയ്ക്ക്

### പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ ; | (എ) യും (ബി) യും | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നിലവിലില്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്ക്കരിച്ച സ.ഉ(എം.എസ്) നം.362/13/തസ്വഭവ തീയതി:16.11.2013 പ്രകാരം പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴം കൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി യിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറിയിട്ടുള്ള പ്രസ്തുത ശുദ്ധജല സ്രോതസ്സുകളെ ശുചിയാക്കി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ; | | |
| (സി) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ എത്ര പൊതുകിണറുകളും കുളങ്ങളും ഉണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ